## സമഗ്ര ശിക്ഷ – കേരളം

### രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം - 2018

### സാമൂഹ്യശാസ്ത്രം

**സ്റ്റാൻേർഡ് : X** **സമയം : 2.30 മണിക്കൂർ**

**ആകെ മാർക്ക് : 80**

1. ദാദാഭായ് നവറോജി (1)

2. 1: 1000000 (1)

3. ഭ്രനികുതി (1)

4.
- ഹിമാചലിന് തെക്ക്
- ശരാശരി ഉയരം 1220 മീ.
- ഹിമാലയൻ നദികൾക്ക് ഉൗർച്ച നഷ്ടപ്പെടുത്തുന്നു
- ഡൂണുകൾ -നീളമേറിയതും വിസ് തൃതവുമായ താഴ് വരകൾ (4)

5.
- ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക
- എല്ലാ മനുഷ്യർക്കും വിവേചനങ്ങളില്ലാതെ വഴിനടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക. (2)

6.
- 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.
- സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.
- ധാർമികവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.

[ഏതെങ്കിലും 2 എണ്ണം എഴുതുക] (2)

7.
- ആഭ്യന്തരതലം
- ബാഹ്യതലം (2)

8.
- ഉത്തർപ്രദേശിലെ ചൗരിചൗരഗ്രാമത്തിൽ ജനങ്ങൾക്കുനേരെ പോലീസ് വെടിവച്ചതിൽ രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീവെയ്ക്കുകയും 22 പോലീസുകാർ കൊലചെയ്യപ്പെടുകയും ചെയ്തു. ജനങ്ങൾക്കു അഹിംസയുടെ മാർഗ്ഗം ശരിയായി മനസ്സിലായില്ല എന്നതിനാൽ നിസ്സഹകരണം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. (2)

9.
- ചമ്പാരനിലെ നീലംകർഷക സമരം - ബീഹാർ - 1917
- അഹമ്മദാബാദിലെ തുണിമിൽ സമരം - ഗുജറാത്ത് - 1918
- ഖേദയിലെ കർഷകസമരം - ഗുജറാത്ത് - 1918 (3)

10.
- പ്രതിരോധരംഗത്തെ വർദ്ധിച്ച ചെലവ്
- ജനസംഖ്യാ വർദ്ധനവ്
- സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ
- വികസന പ്രവർത്തനങ്ങൾ [ഏതെങ്കിലും 3 എണ്ണം എഴുതുക] (3)

11.
- സെമീന്ദാർമാർ നികുതി പിരിച്ചു
- ഭൂവുടമ സെമീന്ദാർമാർ
- യഥാർത്ഥ കർഷകർ കുടിയാന്മാരായി
- വിളവിന്റെ 60% നികുതി
- വിളവ് മോശമായാലും നികുതി നൽകണം
- നികുതി പണമായി നൽകണം [ഏതെങ്കിലും 3 എണ്ണം എഴുതുക] (3)

12.
- ഭൂപ്രദേശത്തിന്റെ ഉയരം
- ചരിവിന്റെ അളവ്
- ഭൂരൂപത്തിന്റെ ആകൃതി (3)


13.
- (എ) ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ്, ജയപ്രകാശ് നാരായണൻ, അരുണാ അസഫലി
- (ബി) കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി (3)

14.

| എ | ബി |
|---|---|
| ലിട്ടൺ പ്രഭു | പ്രാദേശികഭാഷാ പത്രനിയമം |
| മഹാത്മാഗാന്ധി | വാർധാ വിദ്യാഭ്യാസ പദ്ധതി |
| മെക്കാളെ പ്രഭു | ഇംഗ്ലീഷ് വിദ്യാഭ്യാസം |
| വള്ളത്തോൾ നാരായണമേനോൻ | കേരള കലാമണ്ഡലം |

(4)

15. (4)



16.

എ – കോട്ട

ബി - ശവപ്പറമ്പ്

സി - കുഴൽകിണർ

ഡി - ലൈറ്റ് ഹൗസ്

<u>നാലക്കഗ്രിഡ് റഫറൻസ്</u>

എ – 8437

ബി - 8136

<u>ആറക്കഗ്രിഡ് റഫറൻസ്</u>

സി - 812348

ഡി - 828376 (4)

17.

- ഇന്ത്യയിലെ ജനങ്ങൾ നേരിടുന്ന വിവിധതരം പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- ദേശീയപ്രസ്ഥാനത്തിൽ എല്ലാവരേയും പങ്കാളികളാക്കുക.
- ഇന്ത്യയിൽ ഏതുഭാഗത്തും ഏതൊരാളിനെയും ബാധിക്കുന്ന പ്രശ്നങ്ങൾ ഇന്ത്യക്കാരുടെ മൊത്തം പ്രശ്നമായി കണക്കാക്കാൻ പ്രേരിപ്പിക്കുക. (4)

18.

- ഡിസംബർ മുതൽ ഫെബ്രുവരി വരെ
- സൂര്യന്റെ ദക്ഷിണായനകാലത്ത്
- ഉത്തരേന്ത്യയിൽ പകൽ മിതമായ ചൂട്, രാത്രിയിൽ ശൈത്യം
- കനത്ത മൂടൽ മഞ്ഞ്, മഞ്ഞ് വീഴ്ച
- ശൈത്യകാല മഴ ലഭിക്കുന്നു
- പശ്ചിമ അസ്വസ്ഥത എന്ന പ്രതിഭാസം അനുഭവപ്പെടുന്നു (4)

19.

- വക്കീലന്മാർ കോടതികൾ ബഹിഷ്കരിച്ചു
- കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു
- വിദേശവസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ടു കത്തിച്ചു
- വിദ്യാർത്ഥികൾ ബ്രിട്ടീഷ് സ്കൂളുകളും കോളേജുകളും ബഹിഷ്കരിച്ചു
- തൊഴിലാളികൾ പണിമുടക്കി
- യു.പി - യിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു
- ആന്ധ്രയിലെ ഗിരിവർഗ്ഗക്കാർ വനനിയമം ലംഘിച്ച് ഉല്പന്നങ്ങൾ ശേഖരിച്ചു (4)

20.

(4)

| **പ്രത്യക്ഷ നികുതി** | **പരോക്ഷ നികുതി** |
|---|---|
| നികുതി ചുമത്തപ്പെടുന്ന ആൾതന്നെ നികുതി അടക്കുന്നു | നികുതി ചുമത്തപ്പെടുന്നത് ഒരാളിലും, നൽകുന്നത് മറ്റൊരാളും |
| നികുതി ഭാരം നികുതിദായകർ അറിയുന്നു | നികുതി ഭാരം നികുതിദായകർ അറിയുന്നില്ല |
| നികുതിപിരിവിന് ചെലവ് കൂടുതൽ | നികുതിപിരിവിന് ചെലവ് കുറവ് |

21.

<u>ദൈവദത്ത സിദ്ധാന്തം</u>

- രാഷ്ട്രം ദൈവ സൃഷ്ടി
- രാജാവ് ദൈവത്തിന്റെ പ്രതിപുരുഷൻ
- രാജാവിന് ദൈവത്തോട് മാത്രം കടപ്പാട്

<u>പരിണാമ സിദ്ധാന്തം</u>

- രാഷ്ട്രം ചരിത്രസൃഷ്ടി
- സാമൂഹിക പരിണാമപ്രക്രിയയുടെ ഫലമായി രൂപം കൊണ്ടു.

<u>സാമൂഹിക ഉടമ്പടി സിദ്ധാന്തം</u>

- ജനങ്ങൾ രൂപം നൽകിയ കരാറിലൂടെ രാഷ്ട്രം രൂപം കൊണ്ടു.
- മനുഷ്യന്റെ ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി

<u>ശക്തി സിദ്ധാന്തം</u>

- ശക്തിയുള്ളവർ ദുർബലരുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു. (4)

22.

ഉത്ഭവസ്ഥാനം - ടിബറ്റിലെ മാനസസരോവർ

നീളം - 2900 കി. മീ , 709 കി മീ മാത്രമേ ഇന്ത്യയിൽകൂടി ഒഴുകുന്നുള്ളൂ

പ്രധാന പോഷക നദികൾ - ത്ഡലം, ചിനാബ്, രവി, ബിയാസ്, സത് ലജ്

പതനസ്ഥലം - അറബിക്കടൽ (4)

23.

- പല ഉറവിടങ്ങളിൽനിന്നുള്ള വിവരശേഖരണത്തിന്
- വിവരങ്ങൾ എളുപ്പത്തിൽ നവീകരിക്കുന്നതിനും, കൂട്ടിച്ചേർക്കുന്നതിനും
- വിഷയാധിഷ്ഠിതപഠനങ്ങൾ നടത്തുന്നതിന്
- ഭൂതലസവിശേഷതകളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന്
- ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് ഭാവിപ്രതിഭാസങ്ങളുടെയും പ്രക്രിയകളുടെയും ദൃശ്യമാതൃകകൾ സൃഷ്ടിക്കുന്നതിന്
- ഭൂപടങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ എന്നിവ നിർമ്മിക്കുന്നതിന് (4)

24.

- ബ്രിട്ടീഷ് സർക്കാറിന്റെ നികുതി വരുമാനത്തിന്റെ അളവിൽ രണ്ടുഭാഗവവും ഉപ്പിനുമേൽ ചുമത്തുന്ന നികുതി ആയിരുന്നു.
- ദരിദ്രർക്ക് ഈനികുതി വലിയ ഭാരമായിരുന്നു.
- തദ്ദേശീയരായ ചെറുകിട ഉല്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി.
- ഉപ്പിന്റെ വില മൂന്നുമടങ്ങ് വർദ്ധിച്ചു.
- സാധാരണക്കാരെ ഉയർത്തുവാൻ ഉതകുന്ന മുദ്രവാക്യമായിരുന്നു ഇത്. (4)

25.

- (എ) 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം
- (ബി) യുവജനങ്ങളുടെ തൊഴിൽനൈപുണി മെച്ചപ്പെടുത്തുക
- തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക (4)

26.

- വ്യത്യസ്ത ഭാഷസംസാരിക്കുന്ന നാട്ടുരാജ്യങ്ങൾ
- 1920 – ലെ നാഗപ്പൂർ കോൺഗ്രസ്സ് സമ്മേളനഫലം
- ആന്ധ്രയിലെ പോട്ടിശ്രീരാമലുവിന്റെ നിരാഹാരം - ജീവത്യാഗം
- ഭാഷാ അടിസ്ഥാനത്തിലുള്ള സംസ്ഥാനരൂപീകരണമെന്ന ശക്തമായ ആവശ്യം (6)

27.

സർദ്ദാർ പട്ടേൽ - വി. പി മേനോൻ - ലയനക്കരാർ - ജനകീയപ്രതിക്ഷേതങ്ങൾ - ഇന്ത്യാഗവൺമന്റിന്റെ പ്രായോഗിക സമീപനം - വിശദീകരണം (6)

28.

ഭൂസ്ഥിര ഉപഗ്രഹങ്ങൾ, സൗരസ്ഥിര ഉപഗ്രഹങ്ങൾ (6)

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|
| സഞ്ചാരപഥം ഭൂമിയിൽനിന്ന് 36000 കി.മീ.ഉയരത്തിൽ | സഞ്ചാരപഥം ഭൂമിയിൽനിന്ന് 1000 കി.മീ.ഉയരത്തിൽ |
| ഭൂമിയുടെ 1/3 ഭാഗം നിരീക്ഷണപരിധി | കുറഞ്ഞ നിരീക്ഷണപരിധി |
| ഭൂമിയുടെ ഭ്രമണപദത്തിനൊപ്പം സഞ്ചരിക്കുന്നതിനാൽ എല്ലായ്പ്പോഴും ഭൂമിയിലെ ഒരേ പ്രദേശത്തെ അഭിമുഖീകരിച്ച് നിലകൊള്ളുന്നു | പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണം സാധ്യമാക്കുന്നു |
| ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേരണത്തിന് സാധിക്കുന്നു | പ്രകൃതി വിഭങ്ങൾ, ഭൂവിനിയോഗം, ഭൂഗർഭജലം ഇവയെക്കുറിച്ചുള്ള വിവരശേഖരണം |
| ദിനാന്തരീക്ഷസ്ഥിതിയിലുള്ള വ്യത്യാസം മനസ്സിലാക്കുന്നതിനും വാർത്താവിനിമയത്തിനും | വിദൂരസംവേദനത്തിന് |
| ഉദാഹരണം - ഇൻസാറ്റ് ഉപഗ്രഹങ്ങൾ | ഉദാഹരണം - IRS, ലാന്റ്സാറ്റ് ഉപഗ്രഹങ്ങൾ |

29.

ഓവർലേ വിശകലനം, ആവൃത്തി വിശകലനം, ശൃംഖലാ വിശകലനം

<u>ഓവർലേ വിശകലനം</u>

- ഭൂവിവരവ്യവസ്ഥയിൽ ഒരു പ്രദേശത്തിന്റെ ഭൗമോപരിതല സവിശേഷതകളുടെ പരസ്പര ബന്ധത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധ്യമാക്കുന്ന വിശകലനരീതി.
- വിളകളുടെ വിസ് തൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ, ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ എന്നിവ മനസ്സിലാക്കാൻ
- സമാന്തര സ്വഭാവമുള്ള ഭൂമി കണ്ടെത്തുന്നതിന്
- സമാന സ്വഭാവമുള്ള കൈവശഭൂമികൾ തിട്ടപ്പെടുത്തുന്നതിനും ഭൂനികുതി നിശ്ചയിക്കുന്നതിനും സാധിക്കുന്നു

<u>ആവൃത്തി വിശകലനം</u>

- അതിർത്തിപ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു നടപ്പാതയുടെ ഇരുവശവും വീതി വർദ്ധിപ്പിക്കുകയാണെങ്കിൽ ഭൂമിയുടെ വിസ് തൃതിയിൽ വരുന്നമാറ്റം ഭൂവിവരവ്യവസ്ഥയിലെ ആവൃത്തി വിശകലനം ഉപയോഗപ്പെടുത്തി വേഗതയിലും കുറഞ്ഞ ചെലവിലും കണ്ടെത്താവുന്നതാണ്.

ശൃംഖലാ വിശകലനം

- റോഡ്, റെയിൽവേ, നദികൾ തുടങ്ങിയ ഭൂപടത്തിലെ രേഖീയ സവിശേഷതകളെയാണ് ശൃംഖലാ വിശകലനത്തിന് വിധേയമാക്കുന്നത്
- ഏറ്റവും ദൂരം കുറഞ്ഞ യാത്രമാർഗ്ഗം,ടോൾ ഇല്ലാത്ത പാത, തിരക്ക കുറഞ്ഞ പാത, പെട്രോൾ പമ്പ്, ഹോട്ടൽ, ആശുപത്രി മുതലായവ കണ്ടെത്താൻ സാധിക്കുന്നു.


Bindumol P R
Govt. GHSS Vaikom
9496277360

K S Deepu
HSS & VHSS Brahmamangalam
9446921117, 6238045470